mārggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

Holy Bible-Vol.III
വിശുദ്ധ ഗ്രന്ഥം-മൂന്നാം ഭാഗം



Call Number	RR-1379/WM
Title	Holy Bible-Vol.III (Visudha Grandham) വിശുദ്ധ ഗ്രന്ഥം-മൂന്നാം ഭാഗം
Topic	എസ്ദ്രാസ്, തോബിയാസ് , യൂദിത്ത്, എസ്തേർ, ജോബ് , സങ്കീർത്തനങ്ങൾ ,സുഭാഷിതങ്ങൾ , സഭാപ്രസംഗകൻ , ഉത്തമഗീതം , വിജ്ഞാനം, പ്രഭാഷകൻ
Translated by	Fr. Thomas Moothedan M.A.D.D.
Nihil Obstat	Fr. Michael Angel O.C.D & Fr. J. Chemmannoor
Imprimatur	G.C. Alappatt (Bishop of Trichur)
Publisher/Year	Fr. Jos Akkarakaran /1963
First Impression	1965
Printed at	The Popular Press, Trichur
Total pages	623
Language	Malayalam
Copyright	Author/Publisher
Contributor	Ann Lia Wilson
Key Words	#holybible #VishudhagrandhamVol.3 #FrThomasMoothedan # FrMichael Angel O.C.D #Fr. J. Chemmannoor # FrJosAkkarakaran #ThePopular PressTrichur #Trissur #Trichur #G.C.Alappatt #BishopofTrichur

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

വിശുദ്ധഗ്രന്ഥം

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

Nihil Obstat

Fr. MICHAEL ANGEL O. C. D.
Rector

Alwaye,
7 th April 1963

Fr. J. CHEMMANNOOR

Parapur,
5 th May 1963

Imprimatur

✠ G. C. Alapatt,
BP OF TRICHUR.

Trichur,
15 th May 1963

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

വിശുദ്ധഗ്രന്ഥം

മൂന്നാംഭാഗം

(എസ്ദ്രാസ് 1-2, തോബിയാസ്, യൂദിത്ത്, എസ്തേർ,
ജോബ്, സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ,
സഭാപ്രസംഗകൻ, ഉത്തമഗീതം,
വിജ്ഞാനം, പ്രഭാഷകൻ)

പരിഭാഷകൻ

ഫാദർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി.

പ്രിൻസിപ്പൽ

സെൻറ് തോമസ് കോളേജ്, തൃശ്ശൂർ

ബെററർ ലൈഫ് സെൻറർ

ആളൂർ-ഇരിഞ്ഞാലക്കുട.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

[Malayalam]

Visudha Grandham

(HOLY BIBLE)

Volume III

Translated by

FR. THOMAS MOOTHEDAN M. A., D. D.
Principal
St. Thomas College,
TRICHUR.

First Impression
September 1965

Published by

Fr. Jos Akkarakaran
(FOR THE BETTER LIFE MOVEMENT)

Printed at

THE POPULAR PRESS
BETTER LIFE CENTRE
ALOOR - Irinjalakuda
S. INDIA.

Rights Reserved to the Publisher.

Price: Rs. 5

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സംക്ഷേപസൂചി

B—Bible de' Jerusalem
C—American Confraternity Edition
Ca—Carrere
C.C—Catholic Commentary
C.L—Cornelius A Lapide
D—Douay Version
G—Septuagint
H—Hebrew Version
K—Knox's Translation
MT—Massoretic Text
P—C.M.S. മലയാളവിവർത്തനം.
R-Revised Standard Version
S.G—Smith and Godspeed
S—Psita
V—Vulgata
W—West Minster Version

ഇംഗ്ലീഷുനാമം	മലയാളനാമം	സംഗ്രഹനാമം
Genesis	ഉൽപത്തി	ഉൽപ.
Exodus	പുറപ്പാട്	പുറ.
Leviticus	ലേവ്യർ	ലേവ്യ.
Numbers	സംഖ്യ	സംഖ്യ.
Deuteronomy	ആവർത്തനം	ആവ.
Josue	ജോഷ്വ	ജോഷ്വ
Judges	ന്യായാധിപന്മാർ	ന്യായാ.
Ruth	റൂത്ത്	റൂത്ത്
I Kings or I Samuel	I രാജാക്കന്മാർ	I രാജാ.
II Kings or II Samuel	II രാജാക്കന്മാർ	II രാജാ.
III Kings	III രാജാക്കന്മാർ	III രാജാ.
IV Kings	IV രാജാക്കന്മാർ	IV രാജാ.
I Paralipomenon	I ദിനവൃത്താന്തം	I ദിന.
II Paralipomenon	II ദിനവൃത്താന്തം	II ദിന.
I Esdrs	I എസ്ദ്രാസ്	I എസ്ദ്രാ.
II Esdras or Nehemias	II എസ്ദ്രാസ്	II എസ്/നെഹെ
Tobias	തോബിയാസ്	തോബി. +
Judith	യൂദിത്ത്	യൂദി. +
Esther	എസ്തേർ	എസ്തേ. +
Job	ജോബ്	ജോബ്
Psalms	സങ്കീർത്തനങ്ങൾ	സങ്കീ.
Proverbs	സുഭാഷിതങ്ങൾ	സുഭാ.
Ecclesiastes	സഭാപ്രസംഗകൻ	സഭാ.
Canticle of Canticles	ഉത്തമഗീതം	ഉത്ത.
Wisdom	വിജ്ഞാനം	വിജ്ഞാ. +
Ecclesiasticus	പ്രഭാഷകൻ	പ്രഭാ. +
Isias	ഇസയാസ്	ഇസ.
Jeremias	ജെറെമിയാസ്	ജെറെ.
Lamentations	വിലാപങ്ങൾ	വിലാ.
Baruch	ബാറൂക്ക്	ബാറൂ. +
Ezechiel	എസെക്കിയേൽ	എസെ.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

Daniel	ദാനിയേൽ	ദാനി.
Osee	ഓസി	ഓസി.
Joel	യോവേൽ	യോവേൽ
Amos	ആമോസ്	ആമോ.
Abdias	അബ്ദിയാസ്	അബ്.
Jonas	ജോനാസ്	ജോനാ.
Michaeas	മിക്കയാസ്	മിക്ക.
Nahum	നാഹൂം	നാഹൂം.
Habacuc	ഹബക്കുക്	ഹബ.
Sophonias	സൊഫോണിയാസ്	സൊഫോ.
Aggeus	അഗ്ഗെയൂസ്	അഗ്ഗെ.
Zacharias	സക്കറിയാസ്	സക്ക.
Malachias	മലാക്കിയാസ്	മലാ.
I Machabees	I മക്കബെയാർ	I മക്ക.
II Machabees	II മക്കബായർ	II മക്ക.
Matthew	മത്തായി	മത്താ.
Mark	മർക്കോസ്	മർക്കോ.
Luke	ലൂക്കാ	ലൂക്കാ.
John	യോഹന്നാൻ	യോഹ.
Acts of the Apostles	നടപടി	നട.
Epistle to the Romans	റോമാക്കാർ	റോമാ.
I Corinthians	I കൊറിന്ത്യർ	I കൊറി.
II Corinthians	II കൊറിന്ത്യർ	II കൊറി.
Galatians	ഗാലാത്തിയർ	ഗാലാ.
Ephesians	എഫേസൂസുകാർ	എഫേ.
Philippians	ഫിലിപ്പിയാക്കാർ	ഫിലി.
Colossians	കൊലോസിയാക്കാർ	കൊലോ.
I Thessalonians	I തെസലോണിയാക്കാർ	I തെസ.
II Thessalonians	II തെസലോണിയാക്കാർ	II തെസ.
I Thimothy	I തിമോത്തി	I തിമോ.
II Thimothy	II തിമോത്തി	II തിമോ.
Titus	തീത്തൂസ്	തീത്തൂ.
Philemon	ഫിലേമോൺ	ഫിലേ.
Hebrews	ഹെബ്രായർ	ഹെബ്രാ.
James	യാക്കോബ്	യാക്കോ.
I Peter	I പത്രോസ്	I പത്രോ.
II Peter	II പത്രോസ്	II പത്രോ.
I John	I യോഹന്നാൻ	I യോഹ.
II John	II യോഹന്നാൻ	II യോഹ.
III Jonn	III യോഹന്നാൻ	III യോഹ.
Jude	യൂദാ	യൂദാ
Apocalypse	വെളിപാട്	വെളി.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

എസ്ദ്രാസ്

ഒന്നാംപുസ്തകം

പരിശുദ്ധനായ ഒരു വൈദികനും, നിയമജ്ഞനുമായിരുന്നു എസ്ദ്രാസ്. ഹെബ്രായർ അദ്ദേഹത്തെ എസ്രാ എന്നാണ് വിളിക്കുന്നത്. ഗ്രന്ഥകർത്താവിന്റെ നാമം ഗ്രന്ഥത്തിന്റെ നാമംതന്നെ ആയിത്തീർന്നു.

പ്രാചീന ഹീബ്രു ബൈബിളിൽ എസ്ദ്രാസിന്റെ രണ്ടു പുസ്തകങ്ങളും ഒററ പുസ്തകമായിട്ടാണ് കാണുന്നത്. 1448-ലെ ഒരു ഹീബ്രു കൈയെഴുത്തുപ്രതിയിൽ ഈ പുസ്തകങ്ങളും രണ്ടായി പ്രത്യക്ഷപ്പെട്ടു. പ്രസ്തുത പ്രതിയിൽ ഈ പുസ്തകത്തിനു എസ്ദ്രാസിന്റേയും നെഹെമിയാസിന്റേയും പുസ്തകമെന്നാണു പേരിട്ടിരിക്കുന്നത്. ഗ്രീക്കസപ്തതി കൈയെഴുത്തുപ്രതികളിൽ ഇവ ഒരു ഗ്രന്ഥമായിരുന്നു. ഒറിജനാണു്, സപ്തതിയിൽ വിഭജനം വരുത്തിയത്.

എസ്ദ്രാസ് രണ്ടാംപുസ്തകത്തെ മാത്രമാണ്, നെഹെമിയാസിന്റെ പുസ്തകമെന്നു വുൾഗാത്ത സംബോധനചെയ്യുന്നത്. ജെറുസലേംനഗരത്തിന്റെ ഭിത്തികൾ പണിയിച്ചയാളാണു നെഹെമിയാസ്.

ബി. സി. 538 മുതൽ ബി. സി. 433 വരെയുള്ള ചരിത്രമാണ് ഈ ഗ്രന്ഥത്തിലുള്ളത് അതായത്, പേഴ്സ്യാരാജാവായ സൈറസ്സിന്റെ വിളംബരംമുതൽ അർട്ടാക്സെർക്സസ്സ് പ്രഥമന്റെ കാലംവരെയുള്ള ചരിത്രം. പലരുടെ വിവരണങ്ങൾ കൂട്ടിച്ചേർത്ത് എഴുതിയിരിക്കുന്നതിനാൽ, വിവരണം ഇടയ്ക്കു് ഉത്തമപുരുഷനിലും, ഇടയ്ക്കു് പ്രഥമപുരുഷനിലുമാണ്. ഇസ്രായേല്യർ ബാബിലോണിൽനിന്നു മടങ്ങിയതും, ജെറുസലേംഭിത്തികൾ പുനരുദ്ധരിച്ചതും, മതപരവും രാഷ്ട്രീയവുമായ പരിഷ്കാരങ്ങൾ വരുത്തിയതുമാണ് ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം.

അധ്യായം 1

ജനങ്ങൾ ബാബിലോണിൽനിന്നു മടങ്ങുന്നു

1 താൻ ജെറമ്യാസ്‌വഴി അരുൾ
ചെയ്ത വചനം പൂർത്തിയാകേണ്ടതി
നു്, പേഴ്സ്യാരാജാവായ സൈറ
സ്സിന്റെ വാഴ്ചയുടെ പ്രഥമവത്സര
ത്തിൽ അദ്ദേഹത്തിനു കർത്താവു്
നല്കിയ ഉത്തേജനമനുസരിച്ചു്, അ
ദ്ദേഹം തന്റെ രാജ്യമാസകലം രേ
ഖാമൂലം ഇങ്ങനെ വിളംബരംചെയ്തു:
2 "പേഴ്സ്യാരാജാവായ സൈ
റസ്സ് പ്രഖ്യാപിക്കുന്നു: സ്വർഗ്ഗത്തി
ന്റെ ദൈവമായ കർത്താവു ഭൂമിയി
ലെ സകലരാജ്യങ്ങളും എനിക്കു ന
ല്കിയിരിക്കുന്നു. യൂദായിലെ ജെറു
സലേമിൽ കർത്താവിനു് ഒരു ആല
യം നിർമ്മിക്കുവാൻ അവിടുന്നു് എ
ന്നോടാവശ്യപ്പെട്ടിരിക്കയാണ്.
3 നിങ്ങളുടെ ഇടയിൽ കർത്താവി
ന്റെ ജനമായി ആരെങ്കിലുമുണ്ടോ?
ഉണ്ടെങ്കിൽ, അവന്റെ ദൈവമായ
കർത്താവു് അവനോടുകൂടെയായിരി
ക്കട്ടെ! അവൻ യൂദായിലുള്ള ജെറു
സലേമിലേയ്ക്കു പുറപ്പെട്ടു്, ഇസ്രാ

1 ii ദിന. 36,22; ജെറെ. 25,11

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

തോബിയാസ്

ഒരു ഉത്തരകാനോനിക (DEUTEROCANONICAL) ഗ്രന്ഥമാണ് തോബിയാസ്. ഇതിന്റെ മൂലം ഹീബ്രുവാണോ സുറിയാനിയാണോ ഗ്രീക്കാണോ എന്നു തീർത്തു പറഞ്ഞുകൂടാ. കോഡെക്സ്സിനൈററിക്കുസ് അടിസ്ഥാനപ്പെടുത്തിയാണ് ഗ്രീക്കമൂലം. സുറിയാനിമൂലം നോക്കിയും ഹീബ്രും അറിയാവുന്ന ഒരാൾ ഹീബ്രുഭാഷയിൽ വാമൊഴിയായി നല്കിയ പരാവർത്തനം അടിസ്ഥാനപ്പെടുത്തിയുമാണ് വി. ജെറോം വുൾഗാത്ത ശരിപ്പെടുത്തിയിരിക്കുന്നതു്. തന്നിമിത്തം മൂലങ്ങൾതമ്മിൽ അന്തരമുണ്ട്. വുൾഗാത്തയിൽ പിതാവിന്റെയും മകന്റേയും പേരു് തോബിയാസ് എന്നുതന്നെയാണ്. ചില മൂലങ്ങളിൽ പിതാവിന്റെ പേരു് തോബിത്ത് എന്നത്രെ. വിപ്രവാസശേഷം ബാബിലോണിലോ പേഴ്സ്യയിലോ വച്ചു ക്രിസ്തുവിനു മുമ്പു 250–നും 150–നും മധ്യേ എഴുതിയ ഒരു പുസ്തകമായിരിക്കണം ഇതു്.

തോബിയാസ് അന്ധനായതും, റാഫേൽമാലാഖയുടെ സഹായത്തോടുകൂടെ കുഞ്ഞുതോബിയാസ് വിദൂരയാത്രകഴിച്ചു ഗാബേലിന്റെ പക്കൽനിന്നു പണം വാങ്ങി, സാറായെ വിവാഹം കഴിച്ചു മടങ്ങിപ്പോന്നതും, തോബിയാസിനു കാഴ്ച ലഭിച്ചതുമാണ്, ഇതിലെ കഥാവസ്തു. ഇതു ചരിത്രമാണെന്നും ഒരു ചെറുകഥയാണെന്നും അഭിപ്രായാന്തരങ്ങളുണ്ടു്. വിസ്മയനീയമായ ദൈവപരിപാലന പ്രകാശിപ്പിക്കുന്ന ഒരു സുന്ദരഗ്രന്ഥമാണിതു്. പ്രാർത്ഥനയുടേയും ഉപവാസത്തിന്റേയും ദാനധർമ്മങ്ങളുടേയും മാഹാത്മ്യം ഇതിൽ തെളിഞ്ഞുകാണാം.

അധ്യായം 1

തോബിയാസിന്റെ പരോപകാരതൽപരത

1 നഫ്താലിനഗരത്തിൽ വസിച്ചിരുന്ന നഫ്താലിഗോത്രജനാണ് തോബിയാസ്. ഗലീലിയിലെ ഉന്നതഭാഗങ്ങളിൽ നാസോനു് ഉപരിയായി, പടിഞ്ഞാറോട്ടുപോകുന്ന വഴിക്കും അപ്പുറത്താണ് നഫ്താലിപ്പട്ടണം. അതിന്റെ വലത്തുവശത്തു സേഫേത്തുപട്ടണം സ്ഥിതിചെയ്യുന്നു.

2 അസീറിയാരാജാവായ സൽമാനസറിന്റെ കാലത്തു് അദ്ദേഹം അടിമയാക്കപ്പെട്ടു. അടിമത്തത്തിൽപ്പോലും, അദ്ദേഹം സത്യമാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചില്ല.

3 അദ്ദേഹത്തിനു ലഭിച്ചിരുന്ന സമസ്തവും, തന്നോടുകൂടെ അടിമയാക്കപ്പെട്ടവരും, തന്റെ ബന്ധത്തിൽപ്പെട്ടവരുമായ സഹോദരന്മാർക്കു ദാനംചെയ്തുകൊണ്ടിരുന്നു.

4 നഫ്താലിവംശത്തിൽ അദ്ദേഹം ഇളയവനായിരുന്നപ്പോൾപോലും, യാതൊരു ബാല്യചാപല്യവും അദ്ദേഹത്തിന്റെ പ്രവൃത്തികളിൽ കടന്നുകൂടിയിരുന്നില്ല.

5 ഇസ്രായേൽരാജാവായ ജെറോബാം ഉണ്ടാക്കിയ കാളക്കുട്ടിയെ ആ

---

1 വുൾഗാത്തയും ഗ്രീക്കമൂലവും തമ്മിലുള്ള അന്തരംകാണാൻ, ഈ ഒന്നാംവാക്യം ഗ്രീക്കിൽനിന്നു പരഭാഷപ്പെടുത്തി ഇവിടെചേർക്കുന്നു: നഫ്താലിയുടെ വംശത്തിൽപ്പെട്ട ആസിയേലിന്റെ ഗോത്രത്തിൽ ഗാബേലിന്റെ മകനായ അദുവേലിന്റെ മകൻ അനാനിയേലിന്റെ മകനായ തോബിയേലിന്റെ മകൻ തോബിത്തിന്റെ ചരിത്രം.

2 iv രാജാ· 18, 9

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

യൂദിത്ത്

തോബിയാസിന്റെ പുസ്തകംപോലെ ഇതും ഉത്തരകാനോനികമാണ്. ഇതിന്റെ മൂലം ഗ്രീക്കാണെന്നാണ് പൂർവ്വന്മാർ പറഞ്ഞിരുന്നതു്. ആധുനികപണ്ഡിതർ ഗ്രീക്കുമൂലത്തിൽ കാണുന്ന ഹെബ്രായശൈലികൾ പരിഗണിച്ചു മൂലഗ്രന്ഥം ഹീബ്രുവിലാണു രചിച്ചതെന്നു് അഭിപ്രായപ്പെടുന്നുണ്ടു്.

നബുക്കദ്നോസർരാജാവിന്റെ സേനാധിപനായ ഹൊളോഫെർണസ് ഇസ്രായേൽരാജ്യം ആക്രമിച്ചപ്പോൾ, യൂദിത്ത് സൂത്രത്തിൽ അദ്ദേഹത്തെ വധിച്ചു രാജ്യത്തെ രക്ഷിക്കുന്നതാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

വുൾഗാത്ത സുറിയാനി മൂലമാണ് ആശ്രയിച്ചിരിക്കുന്നതു്. അതിനാൽ ഗ്രീക്കുസപ്തതിയും വുൾഗാത്തയും തമ്മിൽ ചെറിയ കാര്യങ്ങളിൽ അന്തരമുണ്ടു്.

യൂദിത്തിന്റെ മരണശേഷം പലസ്തീനാക്കാരനായ ഒരു യഹൂദനാണ് ഈ ഗ്രന്ഥം രചിച്ചതെന്നു മാത്രമേ ഉറപ്പായി പറയുവാൻ നിവൃത്തിയുള്ളു. പ്രധാനാചാര്യനായ ഏലിയാക്കിം ആണു ഗ്രന്ഥകർത്താവെന്നു് ഒരഭിപ്രായമുണ്ടു്.

അധ്യായം 1

നബുക്കദ്നോസർ മേദിയായെ ആക്രമിക്കുന്നു

1 മേദിയായിലെ രാജാവായ അർഫാക്സാദ് അനേകം രാജ്യങ്ങൾ പിടിച്ചെടുത്തു തന്റെ ഭരണത്തിൻകീഴാക്കി. അനന്തരം, അതിപ്രബലമായ ഒരു നഗരം നിർമ്മിച്ചു് എക്ബത്താന എന്നു് അതിനു് അദ്ദേഹം പേരിട്ടു.

2 വെട്ടിമിനുക്കിയ ചതുരക്കല്ലുകൾ കൊണ്ടാണ് അതു നിർമ്മിച്ചതു്. മതിലിനു് എഴുപതു മുഴം ഉയരവും മുപ്പതു മുഴം ഘനവുമുണ്ടായിരുന്നു. അതിന്റെ ഗോപുരങ്ങൾ നൂറുമുഴം ഉയരത്തിൽ അദ്ദേഹം നിർമ്മിച്ചു.

2 വുൾഗാത്തയും മററു പരിഭാഷകളും തമ്മിൽ ഭിത്തിയുടെ അളവുകളെ സംബന്ധിച്ചു വലിയ അന്തരമുണ്ടു്. മുപ്പതടി ഉയരമെന്നാണു ഡുവേ.

3 ഗോപുരങ്ങളുടെ നാലുവശവും ഇരുപതടി വീതം തള്ളിനിന്നിരുന്നു. ഗോപുരങ്ങളുടെ ഉയരമനുസരിച്ചു കവാടങ്ങളും സ്ഥാപിച്ചിരുന്നു.

4 തന്റെ സൈന്യങ്ങളുടെ ശക്തിയാലും രഥങ്ങളുടെ വൈശിഷ്ട്യത്താലും അദ്ദേഹം വിചാരിച്ചു, താൻ പ്രബലനാണെന്നു്.

5,6 മഹാനഗരമായ നിനിവായിൽ വാണിരുന്ന അസ്സീറിയൻരാജാവായ നബുക്കദ്നോസർ തന്റെ വാഴ്ചയുടെ പന്ത്രണ്ടാംസംവത്സരം, അർഫാക്സാദിനോടു പോരാടി, യൂഫ്രെററിസ്സിനും ടൈഗ്രിസ്സിനും യാദസോ

5–6 യാദസോൺ: ടൈഗ്രിസ്സിൽ വന്നുചേരുന്ന ഒിയാപാ നദിയാണിതു്.

മാറരേഖകളനുസരിച്ചു ബാബിലോണിലല്ലാതെ അസീറിയായിൽ നബുക്കദ്നോസറെന്നൊരു രാജാവില്ല. നബുക്കദ്നോസർ ബാബിലോണിൽ ഭരിച്ചതു ക്രിസ്തുവിനുമുമ്പ് 604 മുതൽ 562 വരെയാണ്. അസീറിയാസാമ്രാജ്യം അന്നേക്കു

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

എസ്ഥേർ

പേഴ്സ്യരാജാവായ അസ്സ്വേരൂസിന്റെ (B.C 486–465) രണ്ടാമത്തെ ഭാര്യയാണ് എസ്തേർ. പ്രധാനമന്ത്രിയായിരുന്ന ആമാന്റെ കോപവെറിയിൽനിന്നു മർദ്ദെക്കായി തുടങ്ങിയ യഹൂദരെ എസ്തെർരാജ്ഞിയുടെ മാധ്യസ്ഥ്യത്താൽ രക്ഷിച്ചതാണ് ഈ പുസ്തകത്തിലെ പ്രതിപാദ്യം. B.C 480-ൽ സലാമിസ്സിൽവച്ച് ഗ്രീക്കുകാർ പരാജയപ്പെടുത്തിയ സെർക്സസ്സായിരിക്കണം (XFRXES) അസ്സ്വേരൂസ്. അലക്സാൻഡ്രിയായിലെ ക്ലെമെന്റ തുടങ്ങി പലരും ഈ പുസ്തകത്തിന്റെ രചയിതാവു മർദ്ദെക്കായി ആണെന്നു പറയുന്നു. 9, 20 മേൽവിവരിച്ചിരിക്കുന്ന സംഭവം കഴിഞ്ഞ് അധികം താമസിയാതെ പേഴ്സ്യായിൽവച്ച് മർദ്ദെക്കായിയുടെ വൃത്താന്തക്കുറിപ്പുകളെ അടിസ്ഥാനപ്പെടുത്തി ആരോ എഴുതിയതാണ് ഈ ഗ്രന്ഥമെന്നത്രേ ആധുനിക പണ്ഡിതന്മാരുടെ അഭിപ്രായം.

എസ്തെർ കന്യകാംബികയുടെ ഒരു പ്രതീകമാണ്. ഈ പുസ്തകത്തിലും ദൈവപരിപാലനാവൈഭവം സ്പഷ്ടമായിക്കാണാം. ഗ്രീക്കുമൂലവും ഹീബ്രുമൂലവും തമ്മിൽ വലിയ അന്തരമുണ്ട്. വുൾഗാത്ത രണ്ടിന്റെയും സങ്കലിതരൂപമാണ്.

അദ്ധ്യായം 1

അസ്സ്വേരൂസ് വാസ്തിരാജ്ഞിയെ സ്ഥാനഭ്രഷ്ടയാക്കുന്നു

1 ഇന്ത്യമുതൽ എത്തിയോപ്യാവരെയുള്ള നൂററിയിരുപത്തേഴു പ്രവിശ്യകളുടെ രാജാവായിരുന്നു അസ്സ്വേരൂസ്.

2 അദ്ദേഹത്തിന്റെ ഭരണകാലത്ത്, സൂസാൻനഗരമായിരുന്നു, രാജ്യത്തിന്റെ തലസ്ഥാനം.

3,4 അസ്സ്വേരൂസ്‌രാജാവു തന്റെ രാജ്യത്തിന്റെ മഹത്വവും ഐശ്വര്യവും, തന്റെ അധികാരപ്രൗഢിയും ഔന്നത്യവും പ്രദർശിപ്പിക്കുവാൻ, തന്റെ വാഴ്ചയുടെ മൂന്നാം സംവത്സരത്തിൽ നൂററിയെൺപതു ദിവസത്തേക്ക്, സകലപ്രമാണികൾക്കും സേവകന്മാർക്കും പേഴ്സ്യയിലെയും മേദിയായിലെയും പ്രശസ്തരായ വീരന്മാർക്കുംവേണ്ടി ഒരു വിരുന്നു നടത്തി.

5 വിരുന്നുദിനങ്ങൾ കഴിഞ്ഞശേഷം, രാജാവു സൂസാനിൽ കണ്ട, വലിയവൻമുതൽ ചെറിയവൻവരെയുള്ള സകല ജനങ്ങളെയും ക്ഷണിച്ച്, കൊട്ടാരത്തിലെ ഉദ്യാനകവാടത്തിങ്കൽവച്ച് ഏഴു ദിവസത്തേക്കു സദ്യകൊടുത്തു. ആ ഉദ്യാനത്തിലെ മരങ്ങൾ രാജകീയമേൽനോട്ടത്തിൽ രാജകരങ്ങൾകൊണ്ടുതന്നെ വച്ചുപിടിപ്പിച്ചവയായിരുന്നു.

6 അവിടെ മാർബിൾസ്തംഭങ്ങളിൽ, ദന്തവളയങ്ങളിൽ ചണനൂലും ധൂമ്രനൂലുംകൊണ്ടുള്ള ചരടുകളാലുണ്ടാക്കിയ വെള്ളയും പച്ചയും നീലയുമായവിരികൾ തൂക്കിയിരുന്നു. കട്ടിലുകൾ സ്വർണ്ണവും വെള്ളിയുംകൊണ്ടു നിർമ്മിതമായിരുന്നു. ചുവന്ന

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

ജോബു്

"നീതിമാന്മാർ എന്തുകൊണ്ടു കഷ്ടപ്പെടുന്നു" എന്ന ചോദ്യത്തിനു് ഒരുത്തരമാണു ജോബിന്റെ ചരിത്രം. ജോബും അദ്ദേഹത്തിന്റെ ഭാര്യയും സ്നേഹിതന്മാരും അവസാനം, ദൈവംതന്നെയും ഈ ചോദ്യത്തിനു് ഉത്തരം നല്കുന്നുണ്ടു്. ഇവ ഹീബ്രു പദ്യശൈലിയിൽ സംഭാഷണരൂപത്തിൽ ഈ ഗ്രന്ഥത്തിൽ കാണാം. മൂന്നാം അദ്ധ്യായംമുതൽ നാല്പത്തിരണ്ടാം അദ്ധ്യായംവരെ ഹീബ്രുമൂലം പദ്യത്തിലാണു്.

ജോബു് ഒരു അറേബ്യനാണെന്നും, അദ്ദേഹത്തിന്റെ ജന്മസ്ഥലമായ ഊസ് അറേബ്യയുടേയും ഏദോമിന്റേയും അതിർത്തികളിലാണെന്നും ചിലർ അഭിപ്രായപ്പെടുന്നു.

ഗ്രന്ഥകർത്താവു മോശയാണെന്നും ജോബുതന്നെയാണെന്നും ചില പ്രാചീനാഭിപ്രായങ്ങളുണ്ടു്. ഭക്തനായ ഒരു ഇസ്രായേല്യനാണെന്നു തീർത്തുപറയാം. ഈ ഗ്രന്ഥം B.C. 587-നു ശേഷം എഴുതിയതാണെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ടു്.

അദ്ധ്യായം 1

ജോബിന്റെ ധനവും പുത്രസമ്പത്തും നശിക്കുന്നു

1 ഊസ്ദേശത്തു് ജോബ് എന്നു
പേരുള്ള ഒരാളുണ്ടായിരുന്നു. അ
ദ്ദേഹം നിഷ്കപടനും നീതിമാ
നും ദൈവഭക്തനും തിന്മ സർവ്വഥാ
വർജ്ജിക്കുന്നവനുമായിരുന്നു.
2 അദ്ദേഹത്തിനു് ഏഴുപുത്രന്മാരും
മൂന്നുപുത്രികളുമാണുണ്ടായിരുന്നതു്.
3 സ്വന്തമായി അദ്ദേഹത്തിനു് ഏ
ഴായിരം ആടുകളും മൂവായിരം ഒട്ടക
ങ്ങളും അഞ്ഞൂറു് ഏർ കാളകളും അ
ഞ്ഞൂറു കഴുതകളും വളരെയേറെ ഭ
ൃത്യജനങ്ങളുമുണ്ടായിരുന്നു. അദ്ദേഹം
സകലപൗരസ്ത്യരിലും പ്രതാപവാ
നായിരുന്നു.
4 അദ്ദേഹത്തിന്റെ പുത്രന്മാർ ഓ
രോരുത്തരും നിശ്ചിതദിവസങ്ങ
ളിൽ അവരവരുടെ വീട്ടിൽവച്ചു
വിരുന്നു നടത്തുകപതിവായിരുന്നു.
തദവസരങ്ങളിൽ തങ്ങളോടുകൂടെ
യിരുന്നു ഭക്ഷിക്കുകയും കുടിക്കുകയും
ചെയ്യുന്നതിനു് അവർ ആളയച്ചു ത
ങ്ങളുടെ മൂന്നുസഹോദരിമാരേയും
ക്ഷണിച്ചിരുന്നു.
5 വിരുന്നുകാലം വട്ടമെത്തുമ്പോൾ,
ജോബു തന്റെ പുത്രന്മാരെ ആളയച്ചു
വരുത്തി, അവരെ ശുദ്ധീകരിക്കുകയും,
അതിരാവിലെ എഴുന്നേററു് അവ
രോരോരുത്തർക്കുംവേണ്ടി ഹോമയാ
ഗങ്ങൾ അർപ്പിക്കുകയും ചെയ്തിരുന്നു.
ഒരുപക്ഷേ, തന്റെ പുത്രന്മാർ പാ
പംചെയ്തു ദൈവത്തെ ദ്രോഹിച്ചിട്ടു
ണ്ടെന്നു വന്നേക്കാവുന്നതാണു് എ
ന്നു വിചാരിച്ചു്, ജോബു് എല്ലാദി
വസവും ഇപ്രകാരം ചെയ്തുപോന്നു.

5 എല്ലാദിവസവും = വിരുന്നുണ്ടായിരുന്ന എല്ലാക്കാലത്തും (Ca)

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

സങ്കീർത്തനങ്ങൾ

മതാത്മകഗാനങ്ങളുടെ ഒരു സമാഹാരമാണു സങ്കീർത്തനങ്ങൾ. ആകെ നൂറ്റിയമ്പതു സങ്കീർത്തനങ്ങളെന്നാണു പാരമ്പര്യം. പഞ്ചഗ്രന്ഥിയെ അനുകരിച്ചു സങ്കീർത്തനങ്ങളും അഞ്ചു പുസ്തകങ്ങളായി വിഭജിച്ചു കാണുന്നുണ്ട്.

ദൈവാലയത്തിലെ ഉപയോഗത്തിനും സ്വകാര്യോപയോഗത്തിനുമായി കീർത്തന (LYRIC) രീതിയിൽ ഇവ രചിക്കപ്പെട്ടിരിക്കുന്നു. ഒരേ ആശയം വ്യത്യസ്തപദങ്ങളിൽ ആവർത്തിക്കുക ഹീബ്രു കവിതയുടെ പ്രത്യേകതയാണ്. പ്രസ്തുത ആവർത്തന പ്രവണത സങ്കീർത്തനങ്ങളിലും കാണാം. ദൈവസ്തുതി പാടുക, സ്രഷ്ടാവിനു കൃതജ്ഞത പ്രകാശിപ്പിക്കുക, ലൗകികവും ആദ്ധ്യാത്മികവുമായ അനുഗ്രഹങ്ങൾ അഭ്യർത്ഥിക്കുക, ശത്രുക്കളുടെ നാശത്തിനുവേണ്ടി അപേക്ഷിക്കുക എന്നിവയാണു സങ്കീർത്തനകർത്താക്കളുടെ ലക്ഷ്യം.

ചില സങ്കീർത്തനങ്ങളുടെ ആരംഭത്തിൽ ഒരു ശീർഷകമുണ്ടായിരിക്കും. പലപ്പോഴും ദുർഗ്രഹമായ ആ പദം സങ്കീർത്തനത്തിന്റെ കർത്താവ് ആരെന്നോ, എന്തു രാഗത്തിലാണു പാടേണ്ടതെന്നോ, എന്തു സംഗീതോപകരണമാണ് ഉപയോഗിക്കേണ്ടതെന്നോ സൂചിപ്പിക്കുന്നു. പ്രസ്തുതശീർഷകങ്ങൾ കീർത്തനരചനയ്ക്കുശേഷം ഉപയോക്താക്കൾ ചേർത്തതാണ്. ആകയാൽ, അവ ദൈവനിവേശിതമല്ല.

സങ്കീർത്തനങ്ങളിൽ പകുതിയിലധികവും ദാവീദ് രചിച്ചതാണ്. മൂശ, സ്ലേമോൻ, ഹേമാൻ, ഏത്താൻ എന്നിവരുടെ ഓരോ സങ്കീർത്തനവുമുണ്ട്. കോറിന്റെ മക്കൾ, ആസാഫിന്റെ മക്കൾ, ഇങ്ങനെ ദൈവാലയത്തിലെ ഗായകസമൂഹം രചിച്ച കീർത്തനങ്ങളുമുണ്ട്. ചില സങ്കീർത്തനങ്ങൾ വിപ്രവാസശേഷം അഥവാ ക്രിസ്തുവിനു മുമ്പു നാലാംശതാബ്ദത്തിലോ അഞ്ചാംശതാബ്ദത്തിലോ വിരചിച്ചവയാണ്.

സങ്കീർത്തനങ്ങൾ എണ്ണിയിരിക്കുന്നതിൽ വളരെ വൈവിധ്യമുണ്ട്.

വുൾഗാത്ത, ഢുവേ, സപ്തതി	പ്ശീത്ത
1—8	1—8
9	9, 10
10—112	11—113
113	114, 115
114–115	116
116–145	117—146
146, 147	147
148–150	148–150

പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിട്യൂട്ട് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പയുടെ അംഗീകാരത്തോടുകൂടെ 1945-ൽ പ്രസിദ്ധം ചെയ്ത സങ്കീർത്തനഗ്രന്ഥമാണ് ഈ പരിഭാഷയുടെ മുഖ്യാലംബം.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

സുഭാഷിതങ്ങൾ

പഴയനിയമത്തിലെ വിജ്ഞാനഗ്രന്ഥങ്ങളിൽ (DIDACTIC BOOKS) ഒന്നാണ് സുഭാഷിതങ്ങൾ. പ്രാചീനർ ഇതിനെ "ഒപ്പാരിയുടെ പുസ്തകം'' എന്നു വിളിച്ചിരുന്നു. ഉപമകളും സാദൃശ്യങ്ങളും പഴമൊഴികളും നിറഞ്ഞതാണ് ഈ പുസ്തകം. ഇതിന്റെ ഹീബ്രുമൂലം ''മിഷ്‌ലേ" (ഉപമകൾ) എന്ന വാക്കുകൊണ്ടാണാരംഭിക്കുന്നതു്. തന്മൂലം, ഹീബ്രുവിലും സുറിയാനിയിലും ഈ ഗ്രന്ഥത്തിന്റെ പേരു "മിഷ്‌ലേ'', "മസ്‌ലേ" എന്നിവയാണ്. ലത്തീൻകുർബാനപ്പുസ്തകത്തിൽ ഇതിനും 'വിജ്ഞാനം' എന്നു പേരുണ്ട്.

ഈ ഗ്രന്ഥത്തിൽ ഒമ്പതുഭാഗങ്ങളാണുള്ളതു്:–

1) വിജ്ഞാനത്തിന്റെ മൂല്യം (1, 1—9
2) ശ്ലോമോന്റെ സുഭാഷിതശേഖരം (ഒന്നാംഭാഗം) (10, 1 - 22, 16)
3) ജ്ഞാനോക്തികൾ (ഒന്നാംഭാഗം) (22, 17—24, 22)
4) ജ്ഞാനോക്തികൾ (രണ്ടാംഭാഗം) (24, 23—34)
5) ശ്ലോമോന്റെ സുഭാഷിതശേഖരം (രണ്ടാം ഭാഗം) (25, 1—29, 17)
6) ആഗുറിന്റെ വാക്കുകൾ (30, 1—14)
7) സംഖ്യാസുഭാഷിതങ്ങൾ (30, 15—33)
8) ലാമുവലിന്റെ വാക്കുകൾ (31, 1—9)
9) ആദർശഭാര്യ (31, 10—31)

രണ്ടും അഞ്ചും ഭാഗങ്ങളുടെ ഗ്രന്ഥകർത്താവു ശ്ലോമോനാണെന്നു കരുതപ്പെടുന്നു. ഈ ഭാഗങ്ങൾ മാത്രം കുറെനാൾ പ്രചാരത്തിലിരുന്നുവെന്നൊരഭിപ്രായമുണ്ട്. ആറാം ഭാഗം ആഗുറിന്റേയും എട്ടാംഭാഗം ലാമുവലിന്റേയും വാക്കുകളാണ്. മററു ഭാഗങ്ങളുടെ ഗ്രന്ഥകർത്താവ് ആരെന്നും, ഏതുകാലത്ത് അവ എഴുതപ്പെട്ടുവെന്നും സൂക്ഷ്മമായി നിർണ്ണയിക്കപ്പെട്ടിട്ടില്ല.

"ദൈവഭയം വിജ്ഞാനാരംഭം'' എന്ന മൗലികതത്ത്വം ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. കവിതാരൂപത്തിലാണ് ഹീബ്രുമൂലം.

വിജ്ഞാനത്തിന്റെ മൂല്യം

അധ്യായം 1

സുഭാഷിതങ്ങളുടെ ഉദ്ദേശ്യം–ദുർജ്ജനങ്ങളുടെ സഹവാസം പരിത്യജിക്കണം–വിജ്ഞാനസ്വരം ശ്രവിക്കണം

1–4 വിജ്ഞാനവും പ്രബോധനവും
വിലമതിക്കുവാനും,
വിവേകവചസ്സുകൾ ഗ്രഹിക്കുവാനും,
താത്ത്വികജ്ഞാനവും നീതിയും ന്യായവും
സത്യസന്ധതയും സംപ്രാപ്തമാക്കുവാനും;
അല്പബുദ്ധികൾക്കു സൂക്ഷ്മബുദ്ധിയും,
യുവജനങ്ങൾക്കു പരിജ്ഞാനവും
വിവേകവും കൈവരുവാനുംവേണ്ടി,

സുഭാ: 9, 10

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

സഭാപ്രസംഗകൻ

ECCLESIASTES

സമ്മേളനം വിളിച്ചുകൂട്ടുന്നവൻ എന്നർത്ഥമുള്ള "കോഹ്ലെത്ത്" എന്ന ഹീബ്രു പദത്തിന്റെ ഗ്രീക്കുപരിഭാഷയാണ് എക്ലീസിയാസ്റ്റെസ് അഥവാ സഭാപ്രസംഗകൻ. പ്രാപഞ്ചികവസ്തുക്കളുടെ വ്യർത്ഥതയാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം. സമ്പത്തോ ജീവിതസന്തോഷങ്ങളോ സ്ഥിരമല്ലാത്തതിനാൽ, സ്രഷ്ടാവിനു നന്ദി പ്രകാശിപ്പിക്കുവാനായി കോഹ്ലെത്ത് സകലരേയും ആഹ്വാനം ചെയ്യുന്നു. പാപത്തിന് ഈ ലോകത്തിൽവച്ചുതന്നെ ശിക്ഷ കിട്ടുന്നുവെന്നുള്ള, വിജ്ഞാനഗ്രന്ഥങ്ങളുടെ അഭിമതം കോഹ്ലെത്ത് സ്വീകരിച്ചിട്ടില്ല.

പ്രഥമവാക്യത്തിൽനിന്നു ചിലർ ഊഹിക്കുന്നുണ്ട്, ഈ ഗ്രന്ഥത്തിന്റെ രചയിതാവു സ്ലോമോനാണെന്ന്. എന്നാൽ, ശൈലിയും ആന്തരികപരിഗണനകളും സ്പഷ്ടമാക്കുന്നത് ഈ ഗ്രന്ഥം വിപ്രവാസാനന്തരം വിരചിതമാണെന്നത്രേ. ക്രിസ്തുവിനുമുമ്പു മൂന്നാംശതാബ്ദത്തിൽ എഴുതപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമാണിതെന്നാണ് ആധുനികപണ്ഡിതന്മാരുടെ അഭിമതം. ഈ ഗ്രന്ഥത്തിന്റെ രചയിതാവു സ്ലോമോന്റെ പേരു സ്വീകരിച്ചിരിക്കുന്നത്, ഗ്രന്ഥത്തിനു പ്രാമാണ്യം സിദ്ധിക്കാനായിരിക്കണം.

അധ്യായം 1

ഭൗമികവസ്തുക്കളുടെ വ്യർത്ഥത

1 ജെറുസലേംരാജാവും ദാവീദിന്റെ പുത്രനുമായ കോഹ്ലെത്തിന്റെ വാക്കുകൾ:
2 മായ, മായ; കോഹ്ലെത്ത് പറയുന്നു:
മായ, മായ; സകലവും മായയത്രേ
3 സൂര്യനുകീഴ് ചെയ്യുന്ന സകല പ്രയത്നങ്ങൾകൊണ്ടും മനുഷ്യനെന്തു പ്രയോജനം?
4 ഒരു തലമുറ പോകുന്നു; മറ്റൊരു തലമുറ വരുന്നു;
എന്നാൽ, ഭൂമിസ്ഥിരമായി നില്ക്കുന്നു.
5 സൂര്യൻ ഉദിക്കുന്നു; അസ്തമിക്കുന്നു;
ഉദിച്ചസ്ഥലത്തേക്കു തിരിച്ചെത്തി വീണ്ടും ഉദിക്കുന്നു.
6 കാറ്റ് ഒരിക്കൽ തെക്കോട്ടും, പിന്നീടു വടക്കോട്ടും വീശുന്നു.
അങ്ങനെ, എല്ലാം ഒന്നു സ്പർശിച്ച് അതു ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു.
7 സകലനദികളും സമുദ്രത്തിലേക്ക് ഒഴുകുന്നു; എന്നാൽ, സമുദ്രം നിറയുന്നില്ല.
അവ ഉത്ഭവസ്ഥാനത്തേക്കു മടങ്ങി പിന്നെയും ഒഴുകിക്കൊണ്ടിരിക്കുന്നു.
8 സകലകാര്യങ്ങളും ശ്രമാവഹങ്ങളാണ്; അവ വാക്കുകൊണ്ടു വിവരിക്കുക മനുഷ്യന് അസാധ്യമത്രേ.
കണ്ടു കണ്ടു കണ്ണിനു തൃപ്തിവരുന്നില്ല;
കേട്ടു കേട്ടു ചെവിക്കും മതിയാകുന്നില്ല.
9 ഉണ്ടാകുവാനിരുന്നതാണ് ഉണ്ടായിട്ടുള്ളത്; ചെയ്യപ്പെടാതിരുന്നതാണു ചെയ്തിട്ടുള്ളത്.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

ഉത്തമഗീതം

THE CANTICLE OF CANTICLES

''ഉത്തമഗീതം'' അഥവാ ''പാട്ടുകളിൽവച്ച് അതിവിശേഷമായ പാട്ട്'' മനോഹരമായ ഒരു ഹീബ്രു കവിതയാണ്. കർത്താവും ഇസ്രായേൽജനവും തമ്മിലുള്ള സ്നേഹം മാനുഷികപ്രേമത്തിന്റെ രീതിയിൽ ഈ ഗ്രന്ഥത്തിൽ വർണ്ണിച്ചിരിക്കുന്നു. ഗ്രന്ഥകാരന്റെ കാലത്തുണ്ടായിരുന്ന വിവാഹസമ്പ്രദായങ്ങൾ ഗ്രന്ഥത്തിൽ പ്രകടമായി കാണാം. പുതിയനിയമത്തിലും ഉദാഹരണങ്ങളുണ്ടല്ലോ. (മത്താ. 9,15; 25,1, യോഹ. 3,29 എഫേ. 5,23) ശ്ലേമോന്റെ ഒരു ഗീതമാണിതെന്നു ഗ്രന്ഥത്തിലെ പ്രഥമവാക്യം) വിളിച്ചുപറയുന്നുണ്ടെങ്കിലും ബാബിലോണിയൻപ്രവാസത്തിനുശേഷം (B C 538) ഒരു അജ്ഞാതകവി എഴുതിയതായിരിക്കണം ഈ ഗ്രന്ഥമെന്നത്രേ വേദപുസ്തകപണ്ഡിതർ അഭിപ്രായപ്പെടുന്നതു്.

പ്രഥമദൃഷ്ട്യാ കാമുകീകാമുകന്മാരുടെ ഒരു സല്ലാപംപോലെ തോന്നും, ഈ കവിത. എന്നാൽ, കാമുകൻ മിശിഹായും, കാമുകി തിരുസ്സഭയുമായി ഭാവനംചെയ്തു്, സഭാപിതാക്കന്മാർ എഴുതിയിട്ടുള്ള വ്യാഖ്യാനങ്ങൾ വിജ്ഞാനമുത്തുകളാണ്. വി. ബെർണാർഡിന്റെ അഭിപ്രായത്തിൽ കാമുകി മനുഷ്യാത്മാവാണ്. ഈ ഗീതത്തിലെ വാക്യങ്ങൾ ജന്മപാപരഹിതയായ കന്യകാമറിയത്തിന്റെ ആത്മാവിനെ സംബന്ധിച്ചു ധാരാളമായി തിരുസ്സഭയുടെ ഔദ്യോഗികപ്രാർത്ഥനകളിൽ പ്രയോഗിച്ചിരിക്കുന്നു. ഒരു ഭർത്താവു്, ഒരു ഭാര്യ, ജെറൂസലേം പുത്രിമാർ എന്നീ കഥാപാത്രങ്ങൾ തമ്മിലുള്ള ഒരു നാടകീയസംഭാഷണംപോലെയാണ് ഈ കവിത. ഓരോ വാക്യവും ആരു പറഞ്ഞതാണെന്നു നിർണ്ണയിക്കുക എളുപ്പമല്ല. സൗകര്യത്തിനായി, ജെറൂസലേംബൈബിളിനെ അടിസ്ഥാനപ്പെടുത്തി A, B, C എന്നീ അക്ഷരങ്ങൾ ഇവിടെ അടയാളപ്പെടുത്തിയിട്ടുണ്ടു്. A മണവാളൻ; B മണവാട്ടി; C ജെറൂസലേംപുത്രിമാർ.

അദ്ധ്യായം 1

മണവാട്ടിയുടെ ആഗ്രഹങ്ങൾ

1 ശ്ലേമോന്റെ ഉത്തമഗീതം;
2B അദ്ദേഹം തന്റെ അധരങ്ങളാൽ
എന്നെ ചുംബിക്കട്ടെ!
അങ്ങയുടെ സ്നേഹം വീഞ്ഞിനെ
ക്കാൾ മാധുര്യമുള്ളതത്രേ.
3 അങ്ങയുടെ തൈലം സുരഭിലമാ
ണ്; അങ്ങയുടെ നാമം ഒഴുകുന്നതൈ
ലംപോലെയത്രേ. ആകയാൽ, ക
ന്യകമാർ അങ്ങയെ സ്നേഹിക്കുന്നു.
4 എന്നെ അങ്ങു കൂട്ടിക്കൊണ്ടു
പോകുക;
അങ്ങയെ ഞങ്ങൾ ഉത്സാഹപൂർവ്വം
പിന്തുടരും.
ഒരു രാജാവു് എന്നെ പള്ളിയറയി
ലേക്കു കൂട്ടിക്കൊണ്ടുപോയാലും,
ഞാൻ അങ്ങയിൽ ആനന്ദിച്ചുല്ല
സിക്കും;
രാജകീയവിരുന്നിനെക്കാൾ, അങ്ങ
യുടെ സ്നേഹത്തെ ഞാൻ പ്രകീ
ർത്തിക്കും.

1-3 B, C, P ആലംബം.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

വിജ്ഞാനം

ക്രിസ്തുവിനു് ഒരു നൂറു സംവത്സരം മുമ്പു് അലക്സാൻഡ്രിയായിൽവച്ചു ഗ്രീക്കുഭാഷയിൽ വിരചിതമായ ഒരു ഗ്രന്ഥമാണു വിജ്ഞാനം (BOOK OE WISDOM) എന്നത്രേ ആധുനികപണ്ഡിതന്മാരുടെ അഭിമതം. ചില സന്ദർഭങ്ങളിൽ ഗ്രന്ഥകാരൻ ശ്ലേമോന്റെ പേരിൽ സംസാരിക്കുന്നതു കാണാം. അങ്ങനെ ചെയ്യുന്നതു്, പുസ്തകത്തിന്റെ പ്രാമാണ്യം വർദ്ധിപ്പിക്കാനാണെന്നു തോന്നുന്നു. പഴയ നിയമഗ്രന്ഥങ്ങളിൽ അവഗാഹം പ്രാപിച്ചിട്ടുള്ള ഒരു ഭക്തനാണു ഗ്രന്ഥകാരനെന്നു് ഈ പുസ്തകത്തിന്റെ ഓരോ വരിയും വിളിച്ചുപറയുന്നുണ്ടു്. ഇതിന്റെ കാനോനികത്വം പ്രോട്ടസ്റ്റന്റ്ഗ്രന്ഥകാരന്മാർ നിഷേധിച്ചിരിക്കയാണു്.

മതത്യാഗികളായ യഹൂദരിൽനിന്നുണ്ടായ കഷ്ടതകൾക്കു വിധേയരായ സ്വസഹോദരരെ ആശ്വസിപ്പിക്കുകയാണു ഗ്രന്ഥകർത്താവിന്റെ ഉദ്ദേശ്യമെന്നു തോന്നുന്നു. പ്രധാന പ്രതിപാദ്യവിഷയങ്ങൾ താഴെച്ചേർക്കുന്നു:

1. നീതിക്കുള്ള സമ്മാനം (1, 1—6, 21)
2. വിജ്ഞാനത്തിന്റെ മാഹാത്മ്യം—ശ്ലേമോന്റെ വാക്കുകളിൽ (6, 22—11, 1)
3. ഈജിപ്തിൽനിന്നുള്ള പുറപ്പാടിന്റെ കാലത്തു് അനുഭവപ്പെട്ട ദൈവപരിപാലന (11, 2—12, 27; 15, 18—19, 22)
4. വിഗ്രഹാരാധനയുടെ മാലിന്യം (I3, 1—15, 17)

ക്രിസ്തുവിന്റെ ആഗമനം, പീഡാനുഭവം, ഉത്ഥാനം എന്നിവയെപ്പററിയുള്ള പ്രവചനങ്ങൾ ഈ പുസ്തകത്തിലുണ്ടു്; തിരുക്കർമ്മങ്ങളിൽ ഇതു ധാരാളമായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

അധ്യായം 1

നീതിയാണു ജീവന്റെ താക്കോൽ

1 ഭൂമിയുടെ വിധികർത്താക്കളേ,
നീതിയെ സ്നേഹിക്കുവിൻ;
നന്മനസ്സോടെ കർത്താവിനെപ്പററി
ചിന്തിക്കുവിൻ;
ഹൃദയനൈർമ്മല്യത്തോടെ അവിടുത്തെ അന്വേഷിക്കുവിൻ.
2 എന്തുകൊണ്ടെന്നാൽ, അവിടുത്തെ പരീക്ഷിക്കാത്തവർ അവിടുത്തെ കണ്ടെത്തുന്നു;
അവിടുത്തെ വിശ്വസിക്കുന്നവർക്കു്
അവിടുന്നു പ്രത്യക്ഷനാകുന്നു.
3 ദുരാലോചനകൾ മനുഷ്യനെ
ദൈവത്തിൽനിന്നകററുന്നു;
അവിടുത്തെ ശക്തിപരീക്ഷിക്കുന്നതു
ഭോഷന്മാർക്കു ശാസനയായിത്തീരുന്നു.
4 കുടിലഹൃദയത്തിൽ ജ്ഞാനം പ്രവേശിക്കുകയില്ല;
പാപവിധേയമായ ശരീരത്തിൽ
വിജ്ഞാനം വസിക്കുകയുമില്ല.
5 നമ്മളെ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവു വഞ്ചനയിൽനിന്നു് ഓടിയകലുന്നു;

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

പ്രഭാഷകൻ

ECCLESIASTICUS

സീറാക്കിന്റെ പുസ്തകം, സീറാക്കിന്റെ മകന്റെ വിജ്ഞാനം, പ്രഭാഷകൻ, പ്രസംഗകൻ, എക്ലീസിയാസ്റ്റിക്കസ് എന്നിങ്ങനെ പല പേരുകളിൽ ഈ ഗ്രന്ഥം അറിയപ്പെടുന്നു. തിരുക്കർമ്മങ്ങളിൽ ധാരാളമായി ഉപയോഗിക്കുന്ന ഒരു പുസ്തകമായതിനാൽ, ഇതിനു ദൈവാലയഗ്രന്ഥം എന്നർത്ഥമുള്ള എക്ലീസിയാസ്റ്റിക്കസ് എന്ന പേരു ഗ്രീക്കിലും ലത്തീനിലും, പിന്നീട് ഇംഗ്ലീഷിലുമുണ്ടായി.

ക്രിസ്തുവിനു മുമ്പ് 200നും 175നും മധ്യേ സീറാക്കിന്റെ മകനായ എലിയാസറിന്റെ മകൻ ജീസസ് ഹീബ്രുഭാഷയിൽ എഴുതിയ ഒരു വിജ്ഞാനഗ്രന്ഥമാണു പ്രഭാഷകൻ. "ഈശോ ബർസീറാക" എന്നാണു ഗ്രന്ഥകർത്താവിന്റെ സുറിയാനിപ്പേർ. അദ്ദേഹത്തിന്റെ നാമധാരിയും പൗത്രനുമായ വേറൊരു ജീസസ് ഈ ഗ്രന്ഥം ബി. സി. 132-ൽ ഗ്രീക്കിലേക്കു വിവർത്തനം ചെയ്തു. അദ്ദേഹത്തിന്റേതാണ് ആമുഖം. അതു ദൈവനിവേശിതമല്ല. 1896 വരെ ഗ്രീക്കു പരിഭാഷ മാത്രമേ മൂലമായി അറിയപ്പെട്ടിരുന്നുള്ളൂ. എന്നാൽ, 1896 നും 1931 നും മധ്യേ ഹീബ്രുമൂലത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും കണ്ടെത്തി. ആ ഭാഗങ്ങൾ ഗ്രീക്കുപരിഭാഷയോടു സാരാംശത്തിൽ യോജിക്കുന്നുണ്ട്. ഈ ഗ്രന്ഥം ഉത്തരകാനോനികമാണ്.

വ്യക്തിക്കും കുടുംബത്തിനും സമുദായത്തിനും പരസ്പരവും ദൈവത്തോടുമുള്ള ചുമതലകളെപ്പറ്റിയാണ്, പ്രധാനമായി ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. സ്നേഹം, വിദ്യാഭ്യാസം, ദാരിദ്ര്യം, ധനം, നിയമം, ആരാധന തുടങ്ങിയ പല വിഷയങ്ങളും ആദ്യത്തെ നാല്പത്തിമൂന്ന് അധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. പിന്നീട്, ചില യഹൂദപിതാക്കന്മാരുടെ മാഹാത്മ്യം ചിത്രീകരിച്ചിരിക്കയാണ്. അവസാനമായി, ദൈവത്തിനു കൃതജ്ഞതാപ്രകാശനവും, യഥാർത്ഥവിജ്ഞാനം കരസ്ഥമാക്കാൻ അജ്ഞർക്ക് ഒരാഹ്വാനവുമാണ് ഈ ഗ്രന്ഥത്തിലുള്ളത്.

ആമുഖം

നിയമങ്ങളും പ്രവാചകന്മാരും അവരെ പിന്തുടർന്ന മററു ഗ്രന്ഥകാരന്മാരുംവഴി അതിപ്രധാനങ്ങളായ പല സത്യങ്ങളും നമുക്കു കൈവന്നിട്ടുണ്ട്. അവയിലുള്ള വിജ്ഞാനത്തേയും തത്വങ്ങളേയും സംബന്ധിച്ചിടത്തോളം ഇസ്രായേല്യർ പ്രശംസാർഹരാണ്. ഈദൃശസംഗതികൾ അറിയാവുന്നവർ സ്വയം സമർത്ഥരായിരുന്നാൽ മാത്രം പോരാ; പ്രത്യുത, അവരുടെ പ്രഭാഷണങ്ങളും ഗ്രന്ഥങ്ങളുംവഴി ഇതരരേയും വിജ്ഞരാക്കുവാൻ അവർക്കു കഴിയണം. അങ്ങനെയൊരുവനായിരുന്നു, എന്റെ പിതാമഹനായ ജീസസ്. ദീർഘകാലം, നിയമവും പ്രവാചകന്മാരും, നമ്മുടെ പൂർവ്വപിതാക്കന്മാരുടെ മററു ഗ്രന്ഥങ്ങളും ശ്രദ്ധാപൂർവ്വം പഠിച്ച് അവയുമായി പരിചയപ്പെട്ടശേഷം വിജ്ഞാനത്തിനും ഉദ്ബോധനത്തിനുതകിയ വല്ലതും എഴുതാമെന്ന് അദ്ദേഹം നിശ്ചയിച്ചു. മേല്പറഞ്ഞ സംഗതികളിൽ പാണ്ഡിത്യം നേടിയിട്ടുള്ളവരും, അവ പഠിക്കാൻ ആഗ്രഹിക്കുന്നവരും കൂടുതൽ ശ്രദ്ധിക്കാനും ദൈവനിയമമനുസരിച്ചു ജീവിക്കുന്നതിൽ അഭിവൃദ്ധിപ്പെടാനുംവേണ്ടിയാണ് ഇതു് എഴുതാമെന്നുവച്ചതു്.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org